LIBRARY ARCHIVES Kerala Legislative Assembly

അഗ്രോ സർവ്വീസ് സെന്ററുകൾ

110 (2743) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. തെരഞ്ഞെടുത്ത 49 ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി)

1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിച്ചെലവും. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ ഈ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നു.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവത്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗകീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് സഹായിക്കുന്നു.

4. ട്രാക്ടർ, വൈദ്യുതിയുടെ യന്ത്രം, വീഡ്കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താല്പര്യവും പ്രാഗൽഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു.

(സി) സംസ്ഥാനത്ത് 14 ജില്ലകളിലായി 49 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

നെൽകർഷകർക്ക് സഹായം

111 (2744) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) കരിനില വികസന ഏജൻസികളിലൂടെ പാടശേഖരങ്ങൾക്കെന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് ; വ്യക്തമാക്കാമോ ;

(സി) നെൽകർഷകർക്ക് നൽകിവന്നിരുന്ന സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം എന്നീ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സപ്ലൈകോവഴി കിലോയ്ക്ക് 19 രൂപ നിരക്കിൽ കർഷകരിൽനിന്നും നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരിനില വികസന ഏജൻസികളിലൂടെ പ്രധാനമായും നെൽകൃഷി ചെയ്യുന്നതിന് ആവശ്യമായ നെൽവിത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സബ്സിഡി, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ആനുകൂല്യങ്ങൾ എന്നിവ നൽകുന്നു. തൃശ്ശൂർ കരിനില വികസന ഏജൻസി പ്രദേശത്തുള്ള പാടശേഖരങ്ങളുടെ കൊയ്ത്തുകൂലി, മറ്റത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) നെൽ കർഷകർക്ക് നൽകിവന്നിരുന്ന സബ്സിഡികൾ തുടർന്നും നൽകിവരുന്നുണ്ട്.

ഹൈടെക് ഹരിത ഗ്രാമങ്ങൾ

112 (2745) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ ജില്ലയിൽ ഒന്ന് എന്ന കണക്കിൽ 14 എണ്ണം സ്ഥാപിക്കപ്പെടുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കപ്പെടുവെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 19-10-2013-ലെ സ.ഉ.(ആർ.ടി.)നമ്പർ 1830/2013/കൃഷി പ്രകാരം "മാതൃകാ ഹൈടെക് ഹരിത ഗ്രാമ" പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നല്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 14 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ചെയ്തു.

(ബി) 30-11-2013-ലെ സ.ഉ.(ആർ.ടി)നമ്പർ 2127/13/കൃഷി ഉത്തരവ് പ്രകാരം മാതൃകാ ഹൈടെക് ഹരിത ഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ചുവടെപ്പറയുന്ന 14 ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	ഗ്രാമ പഞ്ചായത്ത്
1.	തിരുവനന്തപുരം	മാണിക്കൽ
2.	കൊല്ലം	പെരിനാട്
3.	പത്തനംതിട്ട	ഇരവിപേരൂർ
4.	ആലപ്പുഴ	മാരാരിക്കുളംസൗത്ത്
5.	കോട്ടയം	വാഴൂർ
6.	ഇടുക്കി	കാമാക്ഷി
7.	എറണാകുളം	മുക്കന്നൂർ
8.	തൃശ്ശൂർ	തനിയം
9.	പാലക്കാട്	അഗളി
10.	മലപ്പുറം	പുലാമന്തോൾ
11.	കോഴിക്കോട്	ചേമഞ്ചേരി
12.	വയനാട്	തിരുനെല്ലി
13.	കണ്ണൂർ	പെരിങ്ങോം- വയക്കര
14.	കാസർഗോഡ്	മൊഗ്രാൽ പുത്തൂർ

കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷകൾ

113 (2746) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കൈയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു ; ആയതിൽ എത്ര എണ്ണം തീർപ്പാക്കി ; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ; വ്യക്തമാക്കുമോ ;

(ബി) കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര തുക കർഷകർക്ക് നൽകി .; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകരെ സഹായിക്കുന്നതിനുപകരം അവരുടെ പ്രശ്നങ്ങൾ തീർപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന പ്രവണത തടയുവാനും കർഷകരുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാനുമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്മീഷന്റെ കൈവശം ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പാക്കാനുള്ളവ സമയബന്ധിതമായി അതായത് അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം തീർപ്പാക്കാൻ അടിയന്തര നിർദ്ദേശം നൽകേണ്ടതുണ്ടെങ്കിൽ നിയമഭേദഗതിക്ക് ഉൾപ്പെടെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നാളിതുവരെ 4,33,682 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 3,87,674 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 46,008 അപേക്ഷകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

(ബി) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ 15-6-2015 വരെ 69,69,47,139 രൂപ കടാശ്വാസമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	തുക (രൂപ)
തിരുവനന്തപുരം	18,44,32,157
കൊല്ലം	1,56,37,088
പത്തനംതിട്ട	1,12,53,968
ആലപ്പുഴ	47,47,300
കോട്ടയം	1,03,90,921
ഇടുക്കി	14,40,15,109
എറണാകുളം	27,66,150
തൃശ്ശൂർ	91,22,450
പാലക്കാട്	3,69,14,275

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	2,92,65,562
കോഴിക്കോട്	5,83,54,064
വയനാട്	11,22,40,595
കണ്ണൂർ	4,37,93,569
കാസർഗോഡ്	3,40,13,931
ആകെ	69,69,47,139

(സി&ഡി) കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, ന്യായ നിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുംവേണ്ടി യാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കടാശ്വാസം ലഭിക്കുന്ന തിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ കർഷകരെയും ബന്ധപ്പെട്ട സഹകരണ ബാങ്കിന്റെ പ്രതിനിധിയേയും കേട്ടതിനുശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസം ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസൃതമായി അനുവദിച്ചുവരുന്നു. കമ്മീഷൻ മുമ്പാകെ നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 90 ശതമാനത്തോളം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കർഷക കടാശ്വാസ കമ്മീഷൻ തീർപ്പാക്കാനുള്ള അപേക്ഷകൾ

114 (2747) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക കടാശ്വാസ കമ്മീഷന് മുമ്പാകെ ഇപ്പോൾ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാ ക്കാമോ ?

ഉത്തരം

കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ 46,008 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly